(ബി) ഇതിൽ കള്ള്, ചാരായം, വിദേശമദ്യം എന്നീ ഇനങ്ങളിലെ വരുമാനം വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) വ്യാജചാരായം കളർ ചേർത്ത് വിദേശമദ്യമായി സംസ്ഥാനത്ത് ലഭ്യമാക്കുന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തിനു ലഭിക്കേണ്ട എക്സൈസ് നികുതി വരുമാനം ഈ മാർഗ്ഗങ്ങളിലൂടെ നഷ്ടമായതിനാൽ ഈ ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇത്തരത്തിലുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിതരണം മുതലായവ തടയുന്നതിന് ശക്തമായ റെയിഡുകൾ നടത്തിവരുന്നുണ്ട്. എല്ലാ അബ്ക്കാരിഷോപ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. അബ്കാരികുറ്റങ്ങൾക്കുള്ള പിഴശിക്ഷ ഒരു ലക്ഷം രൂപയിൽ കുറയാത്ത തുകയായും തടവുശിക്ഷ പരമാവധി പത്തുവർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. എക്സൈസ്, പോലീസ്, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി റെയിഡുകൾ സംഘടിപ്പിച്ചുവരുന്നു. ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും വ്യാജമദ്യത്തിനെതിരെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്.

ഇന്ദിരാവികാസ് പത്ര മുഖേന സമാഹരിച്ച തുക

20 (1075) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പാദ്യം വികസനത്തിന് എന്ന പദ്ധതി പ്രകാരം ഇന്ദിരാവികാസ് പത്ര മുഖേന സമാഹരിച്ച വകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കണ്ണൂർ ജില്ലയിൽ എത്ര തുക ഈ വർഷം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇനിയും തുക നൽകാൻ ബാക്കിയുണ്ടോ ;

(സി) എങ്കിൽ ബാക്കി തുക നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തികവർഷം ഈ വകയിൽ കണ്ണൂർ ജില്ലക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly